# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **15.05.2017-ന് മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 3760**

## പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റോഷി അഗസ്റ്റിൻ<br>„ മോൻസ് ജോസഫ്<br>„ സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) സ്കൂൾ പാഠപുസ്തകങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കാറുണ്ട്. എന്നാൽ ഈ വരുന്ന അദ്ധ്യയന വർഷം (2017-18) പാഠപുസ്തകങ്ങൾ ഒന്നുംതന്നെപരിഷ്ക്കരിക്കുന്നില്ല. |
| (ബി) എങ്കിൽ പുതിയ അധ്യയനവർഷം പാഠപുസ്തകങ്ങളിൽ എന്തെങ്കിലും പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) നിലവിലെ പാഠപുസ്തകങ്ങളിലെ അച്ചടിപ്പിശകുകളും ആശയപ്പിശകുകളും പരിശോധിച്ച് മാറ്റം വരുത്തിയാണ് 2017-18 അദ്ധ്യയന വർഷത്തെ പാഠപുസ്തകം നൽകിയിട്ടുള്ളത്. കൂടാതെ സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിന് പുസ്തകങ്ങൾ അവയുടെ വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ രണ്ട്/മൂന്ന് ഭാഗങ്ങളായി തിരിച്ച് അച്ചടിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഭാരതത്തിന്റെ മതേതര മൂല്യങ്ങൾക്ക് കളങ്കം ചാർത്തുന്ന സാമൂഹിക പ്രവണതകൾ ഉയർന്നുവരുന്നത് കണക്കിലെടുത്ത് ഈ വെല്ലുവിളികളെ അതിജീവിക്കാൻ ഉതകുന്നവിധത്തിൽ പാഠ്യവിഷയങ്ങൾ പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) ഭരണഘടന വിഭാവനം ചെയ്തിരിക്കുന്ന മൂല്യങ്ങൾ അധിഷ്ഠിതമാക്കിയാണ് സിലബസും പാഠപുസ്തകങ്ങളും തയ്യാറാക്കിയിട്ടുള്ളത്.<br>അടുത്ത പാഠ്യപദ്ധതി പരിഷ്കരണ ഘട്ടത്തിൽ മൂല്യങ്ങൾ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുന്ന തരത്തിലുള്ള പാഠഭാഗങ്ങളും പഠന പ്രവർത്തനങ്ങളും നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ